**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2042** **09-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 549 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇവയിൽ 46 പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) | എത്ര പോലീസ് സ്റ്റേഷനുകളിലാണ് ശിശു സൗഹൃദ കേന്ദ്രവും കൂടി ഉൾപ്പെടുന്നതെന്നും ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കി വരുന്നതെന്നും വിശദാംശം ലഭ്യമാക്കുമോ; | (ബി) | 142 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്. പോലീസുകാർ കുട്ടികളുടെ സംരക്ഷണത്തിനുള്ള ആളുകളാണെന്നും, കുട്ടികളുടെ ഏതു പ്രശ്നത്തിനും പോലീസ് അവരുടെ കൂടെ ഉണ്ടാകുമെന്നും അവരുടെ മാനസികവും ശാരീരികവുമായ ഏതുതരത്തിലുള്ള ബുദ്ധിമുട്ടും ഒരു സുഹൃത്തിനോടെന്ന പോലെ പോലീസുകാരോട് തുറന്നു പറയാനും, ഏതവസരത്തിലും പോലീസ് സ്റ്റേഷനിലേക്ക് കടന്നുചെല്ലാനുമുള്ള മാനസികാവസ്ഥ കുട്ടികളിൽ സൃഷ്ടിക്കുവാൻ ഇത്തരം ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ സഹായിക്കുന്നു. |
| (സി) | അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം, നൽകി വരുന്നതും മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നൽകി വരുന്നതും പൊതുവായനശാലകൾ നടത്തി വരുന്നതുമായ പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇത്തരം സേവനങ്ങൾ നടത്തി വരുന്ന ജില്ലകളിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ഇടുക്കി ജില്ലയിലെ മറയൂർ, തൊടുപുഴ, കാഞ്ഞാർ, എന്നീ സ്റ്റേഷനുകളുടെ പരിധിയിലുള്ള SSLC/Plus Two പരീക്ഷകളിൽ തോറ്റതും drop out ആയതുമായ 39 കുട്ടികൾക്ക് HOPE പദ്ധതി പ്രകാരം തുടർ പഠനത്തിനുള്ള അവസരവും, പരിശീലനവും നൽകി വരുന്നു. കൂടാതെ മറയൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ആദിവാസി മേഖലയിലെ കുട്ടികൾക്കായി ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ പി.എസ്.സി കോച്ചിംഗ് നടത്തി വരുന്നു.<br><br>തൃശ്ശൂർ ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ പൊതുജനങ്ങളുടെയും സന്നദ്ധ |

| | | | |
|---|---|---|---|
| | | | സംഘടനകളുടേയും സഹകരണത്തോടെ പാഥേയം എന്ന പേരിൽ ഭക്ഷണ വിതരണം നടത്തി വരുന്നു. മലക്കപ്പാറ, പീച്ചി എന്നീ പോലീസ് സ്റ്റേഷനുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പി.എസ്.സി കോച്ചിംഗ് ക്ലാസ് നടത്തി വരുന്നു.<br><br>കോഴിക്കോട് ജില്ലയിൽ മാറാട് പോലീസ് സ്റ്റേഷന്റെ കീഴിൽ പൊതുജനങ്ങൾക്കായി ഒരു വായനശാല പ്രവർത്തിക്കുന്നു.<br><br>വയനാട് പോലീസ് ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സൗജന്യ പി.എസ്.സി കോച്ചിംഗ് ക്ലാസ്സ് നടത്തി വരുന്നു.<br><br>കണ്ണൂർ ജില്ലയിൽ അഗതികൾക്കായി 'അക്ഷയ പാത്രം' എന്ന പേരിൽ സൗജന്യ ഭക്ഷണവിതരണവും തലശ്ശേരി പോലീസ് സ്റ്റേഷനിൽ സൗജന്യ പി.എസ്.സി കോച്ചിംഗ് സെന്ററും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ